# 15 -ാം കേരള നിയമസഭ

## 11 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6531** **11-07-2024 - ൽ മറുപടിയ്ക്ക്**

## മലയോര ഹൈവേയുടെ നിർമ്മാണം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ,<br>ശ്രീ. പ്രമോദ് നാരായൺ,<br>ശ്രീ. ജോബ് മൈക്കിൾ,<br>ഡോ. എൻ. ജയരാജ് | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | മലയോര ഹൈവേ നിർമ്മാണ പദ്ധതിയുടെ പൂർത്തീകരണത്തിന് എന്തെങ്കിലും തടസം നിലനിൽക്കുന്നുണ്ടോ; എങ്കിൽ അത് പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ അറിയിക്കാമോ; | (എ) | ഉണ്ട്.<br><br>1) തിരുവനന്തപുരം ജില്ലയിൽ മലയോര ഹൈവേ നിർമ്മാണ പ്രവൃത്തി പൂർത്തീകരിക്കുന്നതിന് റോഡ് പുറമ്പോക്കിൽ താമസിക്കുന്ന 42 കുടുംബങ്ങളെ പുനരധിവസിപ്പിക്കേണ്ടതായുണ്ട്. മാനുഷിക പരിഗണന നൽകി പ്രസ്തുത കുടുംബങ്ങളെ കിഫ്ബി ധനസഹായത്തോടെ ലൈഫ് മിഷൻ മാതൃകയിൽ പുനരധിവസിപ്പിക്കുന്നതിന് അനുമതി നൽകി സ.ഉ(സാധാ)നം. 1570/2023/പൊമവ തീയതി 30.11.2023 പുറപ്പെടുവിച്ചിട്ടുണ്ട്. പുനരധിവസിപ്പിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.<br><br>2) പൊതുജനങ്ങളിൽ നിന്ന് ഫ്രീ സറണ്ടർ വ്യവസ്ഥയിൽ ഭൂമി ലഭ്യമാക്കിയാണ് മലയോരഹൈവേ പദ്ധതി പുരോഗമിക്കുന്നത്. ഇപ്രകാരം സൗജന്യമായി ഭൂമി വിട്ടു നൽകുന്നതിൽ ചില സ്ഥലങ്ങളിൽ ജനങ്ങൾ തയ്യാറാകാത്തത് പദ്ധതി പുരോഗതിയെ ബാധിക്കുന്നുണ്ട്. അതത് സ്ഥലത്തെ എം.എൽ.എ-മാരുടെ നേതൃത്വത്തിൽ ഭൂവുടമകളെ നേരിൽ കണ്ട് സ്ഥലം വിട്ടുകിട്ടുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. റോഡ് വികസനത്തിനു വേണ്ടി പൊളിച്ചു മാറ്റുന്ന ചുറ്റുമതിലുകൾ നിലവിലെ റോഡ് പ്രവൃത്തിയിൽ ഉൾപ്പെടുത്തി പുനർ നിർമ്മിച്ച് നൽകുന്നുണ്ട്.<br><br>3) മലയോരഹൈവേ പദ്ധതിക്കായി ഉപയോഗപ്പെടുത്തിയ വനഭൂമിക്ക് പകരമായി നഷ്ടപരിഹാര വനവൽക്കരണ ഭൂമി ലഭ്യമാക്കേണ്ടതുണ്ട്. നഷ്ടപരിഹാര വനവൽക്കരണ ഭൂമി കണ്ടെത്തുന്നതിനുള്ള നടപടികൾ |

| | | | |
|---|---|---|---|
| | | | ത്വരിതപ്പെടുത്തുന്നതിനായി ബഹു. മുഖ്യമന്ത്രി നേരിട്ട് അവലോകന യോഗങ്ങൾ നടത്തി വരുന്നു. കൂടാതെ പൊതുമരാമത്ത് വകുപ്പ് മന്ത്രിയുടെ നേതൃത്വത്തിലും അവലോകന യോഗങ്ങൾ നടത്തുന്നുണ്ട്.<br><br>4) മലയോര ഹൈവേ കടന്നുപോകുന്ന പല സ്ഥലങ്ങളിലും വാട്ടർ അതോറിട്ടിയുടെ - ജല ജീവൻ മിഷൻ പൈപ്പ് ഇടേണ്ടത് ആവശ്യമായി വന്നതിനാൽ പല സ്ട്രെച്ചുകളുടെയും പ്രവൃത്തിയെ ബാധിച്ചിട്ടുണ്ട്. ഇത് പരിഹരിക്കുന്നതിനായി നിരന്തരം വാട്ടർ അതോറിറ്റിയെ ബന്ധപ്പെടുന്നുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതിയുടെ നിർമ്മാണം പൂർത്തിയായ ഭാഗത്തിന്റെ സുരക്ഷാ ഓഡിറ്റിങ് നടത്തിയിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ? | (ബി) | ഉണ്ട്. നിർമ്മാണം പൂർത്തീകരിച്ച കാസർഗോഡ് ജില്ലയിലെ നന്ദാരപടവ് - ചേവർ റീച്ചിൽ 04/03/2021 മുതൽ 13/03/2021 വരെയും, കൊല്ലം ജില്ലയിലെ പുനലൂർ റീച്ചിൽ 14/01/2021 മുതൽ 12/04/2021 വരെയും നാറ്റ്പാക് (NATPAC) മുഖേന കിഫ്ബി റോഡ് സുരക്ഷാ ഓഡിറ്റിംഗ് നടത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ